**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് അനിക്കോട് എ ജെ ബി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. രേഷ്മ. ജി യും മറ്റൊരാളും ചേർന്ന് ഫയൽ ചെയ്ത WP(C)No. 18812/2021-ാം നമ്പർ ഹർജിയിന്മേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച 14.09.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.246/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 11/01/2022

---

പരാമർശം:-

1. പാലക്കാട്പാലക്കാട് അനിക്കോട് എ ജെ ബി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർമാരായ ശ്രീമതി. രേഷ്മ. ജിയുടെയും ശ്രീമതി. രേഷ്മ രവീന്ദ്രന്റെയും 01/09/2021 തീയതിയിലെ പുന:പരിശോധനാ ഹർജികൾ(Ext. P9, P10 പുന:പരിശോധനാ ഹർജികൾ).
2. ബഹു. കേരള ഹൈക്കോടതിയുടെ 14.09.2021-ലെ ഡബ്ല്യൂ . പി (സി) നം . 18812/2021 - മേലുള്ള വിധിന്യായം.
3. കുഴൽമന്ദം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20/11/2021 ലെ സി/1671/21 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് അനിക്കോട് എ ജെ ബി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. രേഷ്മ. ജി യും മറ്റൊരാളും ചേർന്ന് ഫയൽ ചെയ്ത WP(C)No. 18812/2021-ാം നമ്പർ ഹർജിയിന്മേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാർ സർക്കാരിൽ ഫയൽ ചെയ്ത Ext. P9, P10 പുന:പരിശോധനാ ഹർജികൾ(പരാമർശം 1) ഹർജിക്കാരെയും ടി സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം ലഭിക്കുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 20.12.2021-ന് ഗൂഗിൾ മീറ്റ് സംവിധാനം വഴി കേട്ടു.

2. മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.

എ) AJBS ആനിക്കോടിൽ 2015-16 വർഷത്തിൽ രണ്ട് അഡീഷണൽ തസ്തിക നിലവിൽ വരുകയും അതിൽ അജിത, പ്രവിത എന്ന അദ്ധ്യാപികമാരെ എൽ.പി.എസ്.എ ആയി നിയമിക്കുകയും ചെയ്തിരുന്നു. 01/06/2016 മുതൽ രണ്ട് റഗുലർ തസ്തിക നിലവിൽ വന്നപ്പോൾ പ്രവിതയേയും അജിതയേയും ആയതിലേക്ക് മാറ്റി നിയമിച്ചു. 01/06/2016 മുതൽ പ്രവിത ജോലി ചെയ്തിരുന്ന അതേ തസ്തികയിൽ രേഷ്മ.ജി യെയും അജിത ജോലി ചെയ്തിരുന്ന അതേ തസ്തികയിൽ രേഷ്മ.ആർ നെയും നിയമിച്ചു. 01/06/2016 മുതൽ ഈ വിദ്യാലയത്തിലെ രണ്ട് അധിക തസ്തികയിൽ രേഷ്മ.ജി യും രേഷ്മ ആർ.ഉം എൽ.പി.എസ്.എ ആയി ജോലി ചെയ്ത് വരുന്നു. അവരുടെ നിയമനം അധിക തസ്തികയിലായതിനാൽ എ.ഇ.ഒ നിരസിച്ച് ഉത്തരവായി. ഇവർ രണ്ടു പേരുടെയും അപ്പീൽ ഡിപിഐ യുടെ പരിഗണനയിൽ ആയിരുന്നു.

ബി) സർക്കാരിന്റെ 06/02/2021 ന് ഇറങ്ങിയ ജി.ഒ 4/21 പ്രകാരം 01/06/2016 മുതൽ അധിക തസ്തികയിൽ നിയമിച്ച അദ്ധ്യാപകരെ നിയമനം അംഗീകരിച്ച് നൽകുവാൻ സർക്കാർ ഉത്തരവിട്ടിരുന്നു. ഈ ഉത്തരവ് പ്രകാരം ഈ രണ്ട് അദ്ധ്യാപകരുടെയും നിയമന ഉത്തരവുകൾ എ.ഇ.ഒ ഓഫീസിൽ പുനരസമർപ്പിക്കുകയും ചെയ്തു. 01/06/2016 മുതൽ ഉള്ള നിയമനമാണ് അംഗീകരിച്ച് നൽകുവാൻ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളൂ എന്ന് പറഞ്ഞ് മടക്കി. രണ്ടാമത്തെ കാരണം കെ.ടെറ്റ് യോഗ്യത ഇല്ല. ഈ രണ്ട് കാരണങ്ങളും നിലനിൽക്കുന്നതല്ല. മുൻവർഷം ഉണ്ടായ തസ്തികയിലായാലും 01/06/2016 മുതൽ ആണ് നിയമനം നടത്തിയിട്ടുള്ളത്. അന്ന് മുതൽ അനുവദിച്ചുതരാൻ ആണ് ആവശ്യപ്പെട്ടിട്ടുള്ളതും. ജി.ഒ 4/21 ൽ അത് വ്യക്തമായി

പറഞ്ഞിട്ടുള്ളതുമാണ്. 01/06/2015 മുതൽ നിയമനം അംഗീകരിച്ച് തരുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് ആവശ്യപ്പെട്ടിട്ടില്ലാത്തതാണ്. 01/06/2016 മുതൽ അധികതസ്തികയിൽ പുതിയ നിയമനം ആയിട്ടാണ് രേഷ്മ.ജി.യെയും രേഷ്മ.ആർനെയും നിയമിച്ചിട്ടുള്ളത്. ആയതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കാൻ ഉണ്ടായ കാരണം ശരിയല്ല. കെ.ടെറ്റ് യോഗ്യത സർക്കാർ ഇളവ് നൽകിയിട്ടുള്ളതാണ്. ആയതിനാൽ ബഹു. കോടതിയുടെ WP(C) No.18812/2021 പ്രകാരം ഈ രണ്ട് നിയമനങ്ങളും അംഗീകരിച്ച് നൽകുവാൻ യാതൊരുവിധ നിയമതടസ്സങ്ങളും ഇല്ലാത്തതുമാണ്. ആയതിനാൽ രേഷ്മ.ജി, രേഷ്മ.ആർ എന്ന അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ച് നൽകുവാൻവേണ്ട നടപടികൾ സ്വീകരിക്കാൻ താത്പര്യപ്പെടുന്നു.

3. ഇക്കാര്യത്തിൽ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എ) കുഴൽമന്ദം വിദ്യാഭ്യാസ ഉപ ജില്ലയ്ക്ക് കീഴിൽ വരുന്ന ആനിക്കോട് എ.ജെ.ബി.എസ് - ലെ 2015-16 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം അനുവദിച്ച അധിക എൽ.പി.എസ്.റ്റി തസ്തികയിൽ 01/06/2016 മുതൽ നിയമിതരായ ശ്രീമതി. രേഷ്മാ.ജി, രേഷ്മാ രാധാകൃഷ്ണൻ എന്നിവരുടെ നിയമനം ഈ കാര്യാലയത്തിൽ നിന്നും താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ച് ഉത്തരവായിരുന്നു.

1. ജി.ഒ.(പി) 04/2021/പൊ.വി തിയ്യതി 06/02/2021 ഉം അനുബന്ധ ഉത്തരവുകളും പ്രകാരം 2016-17 മുതൽ അധിക തസ്തികകളിൽ നിയമനം ലഭിച്ചവർക്കു മാത്രമേ അപ്പലേറ്റ് ഉത്തരവ് കൂടാതെ നിയമനം അംഗീകരിക്കാനാവൂ. എന്നാൽ ഈ നിയമനങ്ങൾ 2015-16 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ അനുവദിച്ച അധിക തസ്തികയിലാണ് നടത്തിയിരിക്കുന്നത്.
2. നിയമനാർത്ഥികൾ കെ.ടെറ്റ് യോഗ്യത നേടിയിട്ടില്ല.

ബി) 2015-16 വർഷത്തിൽ 29/01/2016 ന് മുമ്പ് നിയമനം നടത്താതെയാണ് 2015-16 – ൽ അധിക തസ്തിക അനുവദിച്ചിരിക്കുന്നത്. പാലക്കാട് ജില്ലയിലെ തന്നെ അച്ചനാംകോട് എ.എൽ.പി.എസ് - ൽ ഇത്തരത്തിൽ നിയമനം നടത്താതെ അധിക തസ്തിക അനുവദിച്ചതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിഗണിച്ചപ്പോൾ ജി.ഒ (ആർ.റ്റി) 2632/2019/പൊ.വി, തിയ്യതി 29/06/2019 പ്രകാരം നിയമനം നടത്തിയ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമവിരുദ്ധമാണെന്ന് ഉത്തരവായിട്ടുണ്ട്.

സി) മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആനിക്കോട് എ.ജെ.ബി.എസ്-ൽ 2015-16 അനുവദിച്ച അധിക തസ്തിക ക്രമവിരുദ്ധമായതിനാൽ ഈ അദ്ധ്യാപകരുടെ നിയമനം പരിഗണിച്ച വേളയിൽ ടി തസ്തികകൾ 2016-17 ലെ അധിക തസ്തികകളാക്കി കണക്കാക്കി 15/07/2016 മുതൽ മാത്രമേ അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ആയതിന് മാനേജർ ഒരു സമ്മതപത്രം നൽകണമെന്നും "സമന്വയ" വഴി രേഖാ മൂലം അറിയിച്ചിരുന്നതാണ്. എന്നാൽ ഇത്തരമൊരു സമ്മതപത്രം നൽകുവാൻ മാനേജർ സന്നദ്ധത പ്രകടിപ്പിച്ചില്ല.

ഡി) ആയതിനാൽ മേൽ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ അനുമതി നൽകിയാൽ 2015-16 ലെ തസ്തിക നിർണ്ണയത്തിലെ 2 അധിക തസ്തിക റദ്ദ് ചെയ്തും 2016-17 ൽ 2 അധിക തസ്തിക അനുവദിച്ചും തസ്തിക നിർണ്ണയം പുന:ക്രമീകരിക്കാവുന്നതും കെ.ടെറ്റ്.ന് ഇളവുള്ളതിനാൽ 15/07/2016 മുതൽ നിയമനം അംഗീകരിക്കാവുന്നതുമാണെന്ന് അറിയിക്കുന്നു.

4. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2015-16 ലെ തസ്തിക നിർണ്ണയത്തിലെ 2 അധിക തസ്തിക റദ്ദ് ചെയ്തുകൊണ്ടും 2016-17 ൽ 2 അധിക തസ്തിക അനുവദിച്ചും തസ്തിക നിർണ്ണയം പുന:ക്രമീകരിക്കാവുന്നതും കെ.ടെറ്റ്.ന് ഇളവുള്ളതിനാൽ 15/07/2016 മുതൽ ഹർജിക്കാരുടെ നിയമനം അംഗീകരിക്കാവുന്നതുമാണെന്ന് കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പ്രസ്തുത ശുപാർശ പരിശോധിച്ചു. ശ്രീമതിമാർ അജിത, പ്രവിത എന്നീ അദ്ധ്യാപികമാരെ എൽ.പി.എസ്.എ ആയി അംഗീകരിച്ചിരിക്കുന്നത് 2016-17 ൽ അനുവദിച്ചതായ രണ്ട് റഗുലർ ഒഴിവുകളിലേയ്ക്കാണ് എന്ന് വിദ്യാഭ്യാസ

ഓഫീസർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ 2015-16 ലെ 2 അധിക തസ്തികകൾ 29.01.2016-ലെ ജി.ഒ.(പി) 29/2016/പൊ.വി.വ. -ലെ ഖണ്ഡിക II(3)ലെ വ്യവസ്ഥകൾ പ്രകാരം നിലനില്ക്കേണ്ടതില്ല. അതുകൊണ്ട്, അവ റദ്ദ ചെയ്ത് 2015-16 ലെ തസ്തിക നിർണ്ണയം പുന:ക്രമീകരിക്കേണ്ടതുണ്ട്. 2016-17 ൽ അധിക തസ്തിക ഉൾപ്പെടെ 24 തസ്തികകളും പ്രഥമാദ്ധ്യാപകനെ ഡ്യൂട്ടിയിൽ നിന്നൊഴിവാക്കി ഒരു തസ്തികയും അനുവദിച്ചതായി കാണുന്നു. ഈ 24 തസ്തികകളിൽ രണ്ട് അധിക തസ്തികകളിലായാണ് ഹർജിക്കാരുടെ നിയമനങ്ങൾ നടത്തിയിട്ടുള്ളത്. 2016-17 മുതൽ 2019-20 വരെ അധിക തസ്തികകളിൽ പ്രൊട്ടക്റ്റഡ് ടീച്ചറെ നിയമിക്കാതെ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിന് ചില വ്യവസ്ഥകൾക്കു വിധേയമായി 06.02.2021-ലെ ജി.ഒ(പി) 04/2021/പൊ.വി.വ പ്രകാരം അനുമതി നല്കിയിട്ടുണ്ട്.

5. മേൽ വിവരിച്ച സാഹചര്യങ്ങളിൽ 2015-16 ലെ തസ്തിക നിർണ്ണയം 2 അധിക തസ്തികകൾ റദ്ദ് ചെയ്തുകൊണ്ട് പുന:ക്രമീകരിക്കുന്നതിനും, അതിന് ആനുപാതികമായ ഭേദഗതികൾ വരുത്തി 2016-17 ലെ തസ്തിക നിർണ്ണയം പുതുക്കാനും 2016-17 ൽ അനുവദിച്ചിട്ടുള്ളതായ 24 തസ്തികകളിൽ ഉൾപ്പെടുന്ന രണ്ട് അധിക തസ്തികകളിലായി ഹർജിക്കാരുടെ നിയമനങ്ങൾ 06.02.2021-ലെ ജി.ഒ(പി)04/2021/പൊ.വി.വ ലുള്ള വ്യവസ്ഥകൾക്കു വിധേയമായി 15.07.2016 മുതൽ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിനും കുഴൽമന്ദം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി ഹർജിക്കാരായ പാലക്കാട് അനിക്കോട് എ ജെ ബി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർമാരായ ശ്രീമതി. രേഷ്മ. ജിയും ശ്രീമതി. രേഷ്മ രവീന്ദ്രനും സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 പുന:പരിശോധനാ ഹർജികൾ(Ext. P9, P10) തീർപ്പാക്കി അപ്രകാരം ബഹു: കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം, പാലക്കാട് ജില്ല.
മാനേജർ, എ ജെ ബി സ്കൂൾ, അനിക്കോട്, കുഴൽമന്ദം, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ ജെ ബി സ്കൂൾ, അനിക്കോട്, കുഴൽമന്ദം, പാലക്കാട്.
ശ്രീമതി. രേഷ്മ. ജി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എ ജെ ബി സ്കൂൾ, അനിക്കോട്, കുഴൽമന്ദം, പാലക്കാട്.
ശ്രീമതി. രേഷ്മ രവീന്ദ്രൻ, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എ ജെ ബി സ്കൂൾ, അനിക്കോട്, കുഴൽമന്ദം, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 12-01-2022 10:39:30
Reason: Approved

സെക്ഷൻ ഓഫീസർ